"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ്- ജീവനക്കാര്യം - അച്ചടക്ക നടപടി തീർപ്പാക്കിയ എക്സൈസ് കമ്മീഷണറുടെ ഉത്തരവിനെതിരെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ.കെ.ബിജു, പ്രിവന്റീവ് ഓഫീസർ ശ്രീ. കെ.അംബികേശൻ എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷകൾ- തീർപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1117/2024/TAXES തീയതി,തിരുവനന്തപുരം, 13-12-2024

---

പരാമർശം:-

1. എക്സൈസ് കമ്മീഷണറുടെ 07/11/2023-ലെ EXC/4554/2021-XE5 നമ്പർ ഉത്തരവ്
2. അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ.കെ.ബിജു, പ്രിവന്റീവ് ഓഫീസർ ശ്രീ. കെ.അംബികേശൻ എന്നിവർ 21/06/2024-ൽ സമർപ്പിച്ച അപ്പീൽ അപേക്ഷകൾ.
3. എക്സൈസ് കമ്മീഷണറുടെ 18/09/2024-ലെ EXC/4554/2021-XE5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാർത്തികപ്പള്ളി എക്സൈസ് റേഞ്ച് ഓഫീസിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ.കെ.ബിജു, പ്രിവന്റീവ് ഓഫീസർ ശ്രീ. കെ.അംബികേശൻ എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി 'സെൻഷർ' (Censure) നൽകി തീർപ്പാക്കിയ എക്സൈസ് കമ്മീഷണറുടെ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാളുകൾ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷയിൻ ചുവടെ ചേർത്തുള്ള പൊതുവായ വാദങ്ങൾ ഉന്നയിച്ചിരിക്കുന്നു.

"നിയമം അനുശാസിക്കുന്ന നടപടിക്രമങ്ങൾ അനുസരിച്ചല്ല എന്നെ ശിക്ഷിച്ചിരിക്കുന്നത്. താഴെ പട്ടികയിൽ വിവരിക്കുന്ന തെളിവുകൾ ടി കാര്യം സാക്ഷ്യപ്പെടുത്തുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നീതിപൂർവ്വമായി ഈ സംഗതിയിൽ നടപടി സ്വകരിക്കാൻ ഈ അപ്പീൽ പരിഗണിച്ച് ഉത്തരവുണ്ടാകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

1. CCTV ദൃശ്യങ്ങൾ എനിക്ക് തന്ന MOC (Memo of Charge) (3) Page (61) വരികൾ ആരോപണ പത്രിക (2) പേജ് (41) വരികളിൽ ഒരു സ്ഥലത്തും തെളിവ് രേഖയായി രേഖപ്പെടുത്തിയിട്ടില്ല.

2. ടി CCTV ദൃശ്യം PW 1 ആയ പ്രതിയുടെ മൊഴി എൻക്വയറിയിലെ വിചാരണ സമയം മൊഴി രേഖപ്പെടുത്തിയ വേളയിൽ എന്റെയും PW 1 ന്റെയും സാന്നിധ്യത്തിൽ എക്സിബിറ്റ്

ആയി മാർക്ക് ചെയ്തിട്ടില്ല (എന്റെയും, എക്സിബിറ്റ്സിന്റെയും ഉടമ/അത് നൽകിയ ആളിന്റെയും സാന്നിധ്യത്തിൽ മാത്രമേ എൻക്വയറി ഓഫീസർ മാർക്ക് ചെയ്യാവൂ എന്ന് ബഹു: സുപ്രീം കോടതി 2015 KHC 4772 & 2015 KHC 4393 വിധി ന്യായത്തിലും വ്യക്തമാക്കിയിട്ടുണ്ട്. PW 1 ന്റെ മൊഴി 1-5 പേജ് 6-15 ക്രോസ് എക്സാം ഇവയിൽ ഒരു സ്ഥലത്തും ടി CCTV ദൃശ്യം എക്സിബിറ്റ്സ് ആയി മാർക്ക് ചെയ്തു വിചാരണയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്.)

GO(P) 12/85 VIG dt. 31-10-1985 THE FINDING OF THE ENQUIRING AUTHORITY SHOULD BE BASED ON EVIDENCE ADDUCED DURING THE ORAL INQUIRY. THE ASSESSMENT OF ORAL AND DOCUMENTARY EVIDENCE IS TO BE MADE CAREFULLY. THE INQUIRING AUTHORITY SHOULD TAKE PARTICULAR CARE WHILE GIVING ITS FINDINGS ON THE CHARGES TO SEE THAT NO PART OF THE EVIDENCE WHICH THE ACCUSED GOVERNMENT SERVANT WAS NOT GIVEN AN OPPORTUNITY TO REFUTE, EXAMINE OR REBUT HAVE BEEN TAKEN INTO CONSIDERATION".

കുറ്റാരോപണമെമ്മോയിലോ, കുറ്റപത്രത്തിലോ, അന്വേഷണ വിചാരണ വേളയിലോ CCTV ദൃശ്യം തെളിവ് രേഖയിൽ ഉൾപ്പെടുത്തുകയോ ആയത് തെളിവിന്റെ ഭാഗമാക്കി അതിന്റെ പകർപ്പ് എനിക്ക് Govt. Order SD4/83760/61/DD. dt. 07-12-1961 ബഹു: High Court of Kerala യിലെ Division Bench Judgment 1969 SLR 229, 2012 KHC 118 നിർദ്ദേശപ്രകാരം എനിക്ക് പകർപ്പ് തരികയോ, എന്നിൽ നിന്നു ബഹു: എൻക്വയറി ഓഫീസർ കൈപ്പറ്റ് രശീത് വാങ്ങി ഫയലിൽ സൂക്ഷിക്കുകയോ ഉണ്ടായിട്ടില്ല. ഫയൽ പരിശോധിച്ചാൽ കാണാവുന്നതാണ്.

5. ടി CCTV ദൃശ്യത്തിന് 65 B പ്രകാരമുള്ള സർട്ടിഫിക്കറ്റ് ഇല്ല എന്ന് PW 1 തന്നെ എന്റെ Q5 ന് സമ്മതിക്കുന്നു. PW 6 Sri. Noorudheen, Excise CI ( ടി കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായിരുന്നു) അദ്ദേഹം എന്റെ Q1 നും Q3 ക്കും പറഞ്ഞ ഉത്തരം 65 B ഇല്ലാത്ത CCTV യുടെ Hard Disk പ്രതി എക്സൈസ് ക്രൈം ബ്രാഞ്ച് ഓഫീസിൽ ഹാജരാക്കി കൊടുത്തു എന്നാണ്. ടി സാക്ഷിയുടെ Q8 നും Q10 നും പറഞ്ഞ ഉത്തരത്തിൽ പ്രതിയുടെ വീട്ടിൽ CCTV യുടെ Hard Disk പരിശോധിച്ചതിൽ കണ്ടെത്താൻ കഴിഞ്ഞില്ല. അത് പ്രതിയുടെ വക്കീലിന്റെ കസ്റ്റഡിയിലായിരുന്നു എന്നും പറഞ്ഞിട്ടുള്ളതിൽ നിന്നും ഒരു ആധികാരികതയില്ലാത്തതും ബഹു: സുപ്രീം കോടതിയുടെ വിധിന്യായം CDJ 2014 SC 790 പ്രകാരം ഉണ്ടാകേണ്ടിയിരുന്ന 65 B സർട്ടിഹിക്കറ്റ് ഇല്ലാത്തതും ബഹു: എക്സൈസ് കമ്മീഷണർ അവർകളുടെ EXC/212/2018/XIT-I dt. 31-01-2023 പ്രകാരമുള്ള ഉത്തരവിൽ ഇലക്ട്രോണിക് എവിഡൻസ് തെളിവായി സ്വീകരിക്കുമ്പോൾ 65 B നിർബന്ധമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സുപ്രീം കോടതി ഉത്തരവിനും ബഹു: എക്സൈസ് കമ്മീഷണർ അവർകളുടെ ഉത്തരവിനും വിരുദ്ധമായതാണ് ഇതിലേക്ക് തെളിവായി കൊണ്ടുവന്ന CCTV ദൃശ്യം എന്ന് കാണാവുന്നതാണ്.

6. Formal Enquiry Officer Enquiry നടത്തി റിപ്പോർട്ട് സമർപ്പിച്ച കഴിഞ്ഞാൽ തന്റെ എൻക്വയറി ഓഫീസർ എന്ന പദവി നഷ്ടപ്പെടുമെന്ന് MDP Para 41 "ONCE THE ENQUIRY OFFICER HAS SINGED HIS REPORT, HE BECOMES FUNCTUS OFFICIO AND CONNOT MAKE ANY CHANGE IN HIS REPORT" (2013 KHC 2755 Judgment (Noushad V/s State of Kerala & others) Case WP(C) 20831/2012 ൽ 10-04-2013 ൽ പറഞ്ഞ വിധിന്യായത്തിൽ MDP നിയമമാണെന്നും അനുസരിക്കാൻ ബാധ്യത എല്ലാവർക്കും ഉണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്).

7. DC(X)(L) 85/2022 dt. 10-12-2022 പ്രകാരം സമർപ്പിച്ച എൻക്വയറി റിപ്പോർട്ടിൽ

എന്നിൽ ആരോപിച്ചിരിക്കുന്ന കുറ്റം തെളിയിക്കാൻ കഴിഞ്ഞിട്ടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. CCTV യുടെ ആധികാരികത തെളിയിച്ച് റിപ്പോർട്ട് (CCTV യുടെ Timer FSL പരിശോധിച്ചതായോ, ആയത് പരിശോധിക്കുന്നതിന് ആവശ്യപ്പെട്ടതായോ FSL റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല. PW 6 എന്റെ Q7 ന് CCTV സിസ്റ്റത്തിലെ Timer പരിശോധിക്കാൻ ആവശ്യപ്പെട്ടതായി പറഞ്ഞിട്ടുള്ളത്. അത് കളവാണെന്ന് FSL റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നു CCTV യിലെ Timer ൽ പ്രതി കൃത്രിമം നടത്തിയാണ് സ്ഥാപിച്ചിരിക്കുന്നത് എന്നെങ്കിലും എക്സൈസ്/പോലീസിനാൽ പിടിക്കപ്പെട്ടാൽ രക്ഷപ്പെടുന്നതിനായിട്ടാണ് പ്രതി അപ്രകാരം ചെയ്തതിട്ടുള്ളത് എന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ അനുമാനിക്കാൻ കഴിയും).

8. പ്രതിയുടെ വീട്ടിൽ നിന്ന് എടുത്ത തൊണ്ടി മുതലുകളുടെ ഹോളോഗ്രാം പരിശോധിച്ച് അത് ഏത് വെയർ ഹൗസിൽ നിന്ന് ഇഷ്യൂ ചെയ്തതാണെന്ന് കണ്ടെത്തുന്നതിന് കഴിയും. ആയതിൽ നിന്ന് പ്രതി വിവിധ സർക്കാർ മദ്യവിൽപ്പന ശാലയിൽ നിന്ന് വാങ്ങിയതാണെന്നുള്ള മൊഴി കളവാണെന്ന് തെളിയിക്കാൻ കഴിയും. ആയതിന് സീഷർ മഹസ്സർ പ്രകാരം പ്രതിയുടെ വസതിയിൽ നിന്ന് എടുത്ത 14 കുപ്പി മദ്യം സൂക്ഷിച്ചിരുന്ന ബഹു: ഡി.സി. ആലപ്പുഴയുടെ ഓഫീസിലാണ്. ആയത് പരിശോധിക്കുന്നതിന് ബഹു.ഡി സി.യ്ക്ക് അപേക്ഷ നൽകിയ ബഹു. PW 6 നും എൻക്വയറി ഓഫീസർക്കും ബഹു.ഡി.സി. നൽകിയില്ല. ടി മദ്യകുപ്പികൾ പരിശോധിക്കാൻ അനുവദിച്ചില്ല. അതിന് പിന്നിൽ എക്സൈസ് വിജിലൻസ് ഓഫീസറുടെയും പ്രതിയുടെ സ്വാധീനം ഉണ്ടെന്ന് അനുമാനിക്കാവുന്നതാണ്. പ്രതി ശിക്ഷിക്കപ്പെടാതിരിക്കാൻ അത് ഹോളോഗ്രാം പരിശോധന നടത്താൻ പാടില്ല എന്ന് ആഗ്രഹിക്കുന്നവർ എക്സൈസ് വകുപ്പിലുണ്ടെന്ന് ഈ തീരുമാനത്തിൽ നിന്ന് തെളിയുന്നു.

9. എനിക്ക് തന്ന MOC-യിലോ, പത്രികയിലോ പ്രതിപാദിക്കാത്തതും എന്റെയോ PW 1-ന്റെയോ, PW 6- ന്റെയോ സാന്നിധ്യത്തിൽ എൻക്വയറി സമയം രേഖ (എക്സ്ിബിറ്റ്സ്) ആക്കാത്തതും ആയ, ബഹു. സുപ്രീം കോടതി ഉത്തരവിന്റെയും ബഹു. എക്സൈസ് കമ്മീഷണർ അവർകളുടെയും ഉത്തരവു പ്രകാരമുള്ള 65 B ഇല്ലാത്തതും FSL- ൽ CCTV Hard Disk- ന്റെ Timer പരിശോധിക്കാത്തതും ആയ രേഖയുടെ മറ്റു വശങ്ങളെ കുറിച്ചുള്ള FSL റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമം മൂലം അധികാരം ഇല്ലാത്ത പ്രവൃത്തിക്ക് EXC/4554/2021/EX5 തീയതി 10-10-2023 പ്രകാരം വീണ്ടും റിപ്പോർട്ട് എൻക്വയറി ഓഫീസറോട് ആവശ്യപ്പെട്ട എന്നത് Rule (15) Sub Rule (11) പ്രകാരം നിയമവിരുദ്ധമായിരുന്നു. ബഹു. എൻക്വയറി ഓഫീസർ നിയമവിരുദ്ധമായി MDP Para 42-നും MDP Para 10 B (1) "THE ENQUIRY AUTHORITY THROUGH A DELEGATE OF THE DISCIPLINARY AUTHORITY IS NOT SUBJECT TO THE DIRECTIONS AND INSTRUCTIONS OF THE DISCIPLINARY AUTHORITY" എന്ന നിയമത്തിനും ബഹു:ഗവ:ഉത്തരവ് GO(P) 12/85 VIG dt. 31-10-1985 ലെ "THE ENQUIRING AUTHORITY SO APPOINTED MUST BE FREE FROM BIAS. BIAS ON THE PART OF THE INQUIRING AUTHORITY WOULD VITIATE THE DISCIPLINARY PROCEEDINGS COMPLETELY. THE INQUIRING AUTHORITY SHOULD, THEREFORE BE A PERSON COMPLETELY DISINTERESTED IN THE CASE" -നും വിരുദ്ധമായി വീണ്ടും ഒരു എൻക്വയറി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആയത് നിയമവിരുദ്ധമായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു: സുപ്രീം കോടതിയിലെ വിധി ന്യായം 1993 (4) SCC 727 & ബഹു: കേരള ഹൈക്കോടതി വിധിന്യായം 2022 (4) KLT 93 എന്നിവയിലെ നിർദ്ദേശ പ്രകാരം

ഫോർമൽ എൻക്വയറി റിപ്പോർട്ടിന്റെ പകർപ്പ് സഹിതം എന്നോട് വിശദീകരണം ചോദിക്കാതെ ഏക പക്ഷീയമായി സെൻഷർ ചെയ്ത EXC/4554/2021/XE5/dt. 07-11-2023 ആയി തീർപ്പുകൽപ്പിച്ച് ഉത്തരവായി. ആയതിന് എതിരെ ശിക്ഷ വിധിച്ച അച്ചടക്ക അധികാരി തന്നെ പുനഃപരിശോധിക്കുന്നതിനായി റിവ്യൂ സമർപ്പിക്കുന്നതിന് എൻക്വയറി റിപ്പോർട്ട് ചോദിച്ചിട്ടും നൽകാതിരുന്നതിനാൽ RULE 6 RIA 2005 പ്രകാരം ആവശ്യപ്പെടുകയും എനിക്ക് അവകാശപ്പെട്ട മേൽപ്പറഞ്ഞ എൻക്വയറി റിപ്പോർട്ടിന്റെ പകർപ്പിന് വേണ്ടി രൂപ 321/- എന്നെ കൊണ്ട് അടപ്പിച്ച ശേഷം മാത്രമാണ് എൻക്വയറി റിപ്പോർട്ടിന്റെ പകർപ്പ് അനുവദിച്ച തന്നത്. ഇത് തന്നെ നിയമ ലംഘനമാകുന്നു. ടി നടപടി ബഹു: കമ്മീഷണർക്ക് തന്നെ പുന:പരിശോധിക്കാമെന്ന് ബഹു:സുപ്രീം കോടതി വിധിന്യായം 2008 (7) SCC 680 ൽ വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഫോർമൽ എൻക്വയറി റിപ്പോർട്ടിന്റെ പകർപ്പ് ലഭിച്ച ശേഷം പുന:പരിശോധന ഹർജി സമർപ്പിക്കാൻ സമയം അനുവദിക്കണമെന്ന എന്റെ അപേക്ഷ No. EXC/4554/2021/ XE5 dt 14-12-2023 പ്രകാരം നിരസിക്കുകയും ഉണ്ടായി തുടർന്നാണ് ടി സംഗതിയിൽ അങ്ങേയ്ക്ക് അപ്പീൽ സമർപ്പിക്കാൻ സാഹചര്യം ഉണ്ടായത്

<u>വസ്തുതകളും യാഥാർത്ഥ്യവും</u>

ബഹു: എക്സൈസ് വിജിലൻസ് ഓഫീസറുമായി ബന്ധം ഉണ്ടായിരുന്ന വ്യക്തിയുടെ വീട്ടിൽ (എന്റെ Q11 ന് PW 1 പറഞ്ഞ ഉത്തരം) കൊറോണ കാലത്ത് മദ്യ കച്ചവടം നടക്കുന്നതായി അറിവ് കിട്ടിയതിനെ തുടർന്നാണ് ടി വിവരം എന്നെ വിളിച്ചറിയിക്കാൻ ഇടവരുത്തിയതും എനിക്കും പാർട്ടിക്കും ടി വീട്ടിൽ പോകാൻ സാഹചര്യം ഉണ്ടായതും (PW1 മായി എനിക്കോ പാർട്ടിക്കോ യാതൊരു മുൻപരിപയാം ഇല്ല. PW 1 എന്റെ Q6 ന് പറഞ്ഞ ഉത്തരം).ടി വീട്ടിൽ നിന്നു മദ്യം അടങ്ങിയ കുപ്പികൾ കണ്ടെടുത്തു എന്നതിൽ പ്രതിക്ക് ആക്ഷേപം ഇല്ല. ടി മദ്യം സ്വയം മദ്യപിക്കാനാണെന്നുള്ള പ്രതിയുടെ വാദം കഴമ്പില്ലാത്തതാണ്. കാരണം കണ്ടെടുത്ത മദ്യം വിവിധ ഇനത്തിൽപ്പെട്ടതും വിവിധ അളവിലുള്ളതുമാണ്. മദ്യപിക്കുന്നതിന് വേണ്ടി ഒരു വ്യക്തി വാങ്ങിക്കുന്ന മദ്യം ഇപ്രകാരം വിവിധ അളവിലുള്ളതും വിവിധ ബ്രാന്റിലും ഉള്ളതും ആയിരിക്കില്ല എന്നത് സാമാന്യ ബുദ്ധിയിൽ മനസ്സിലാക്കാവുന്ന കാര്യമാണ്. പ്രതിയുടെ വീട്ടിൽ സ്ഥാപിച്ചിരിക്കുന്ന പ്രതി തന്നെ സ്ഥാപിച്ചതും സ്വയം സർവീസ് ചെയ്യുന്നതുമായ (Q5&7 ന് PW 1 പറഞ്ഞ ഉത്തരം) CCTV സംവിധാനത്തിലെ Timer എന്ന ഉപകരണത്തിൽ സമയത്തിൽ കൃത്രിമം നടത്താൻ സാധിക്കും. ടി CCTV സംവിധാനത്തിലെ ടൈമർ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് അപേക്ഷ കൊടുത്തതായി PW6 Noordheen, CI അവർകൾ ഉത്തരം പറഞ്ഞിട്ടുണ്ട്. എന്നാൽ FSL റിപ്പോർട്ടിൽ ടൈമർ പരിശോധന നടത്തിയതായി പറഞ്ഞിട്ടില്ല. മറ്റൊന്ന് പ്രതിയുടെ വീട്ടിൽ നിന്ന് കണ്ടെടുത്ത മദ്യകുപ്പികൾ ഏത് വെയർ ഹൗസിൽ നിന്നു നൽകപ്പെട്ടതെന്ന് കണ്ടെത്തുന്നതിന് ബഹു: ഡി.സി ആലപ്പുഴയ്ക്ക് കത്തുകൊടുത്തിട്ടുണ്ട് എന്ന് എന്റെ Q2 ന് PW 6 CI സർ ഉത്തരം പറഞ്ഞിട്ടുണ്ട്. അപ്രകാരം ഒരു പരിശോധന നടന്നിട്ടില്ല. നടത്താൻ കഴിയാതെ പോയത് എക്സൈസ് വിജിലൻസ് ഓഫീസറുടെ സമ്മർദ്ദഫലമായിട്ടാണോ എന്ന് ഞാൻ സംശയിക്കുന്നു. അതില്ലെങ്കിൽ പ്രതിക്ക് എക്സൈസ് വകുപ്പിലോ അതിന് മുകളിലോ ശക്തമായ സ്വാധീനം ഉണ്ടെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു ഈ സാഹചര്യത്തിൽ എക്സൈസ് ഡിപ്പാർട്ട്മെന്റ് ചുമതലപ്പെടുത്തിയ ജോലി ചെയ്യുന്നതിന്റെ ഭാഗമായിട്ടുള്ള ജോലി മാത്രമേ ഞാൻ ചെയ്തിട്ടുള്ളൂ. അത് സത്യമായിട്ടുള്ളതാണെന്ന് തെളിയിക്കാൻ കഴിയുന്ന രണ്ട് തെളിവുകളിൽ ഒന്ന് CCTV സംവിധാനത്തിലെ ടൈമർ പരിശോധനയും മറ്റൊന്ന് പ്രതിയുടെ വീട്ടിൽ നിന്ന് കണ്ടെടുത്ത

മദ്യകുപ്പികളിലെ ഹോളോഗ്രാം പരിശോധനയ്ക്ക് വിധേയമാക്കിയാൽ സത്യം പുറത്തുവരും. അതോടൊപ്പം എന്റെ നിരപരാധിത്വവും, ആയതിന് എക്സൈസ് ഡിപ്പാർട്ട്മെന്റ് തന്നെ തടസ്സം നിന്നതിനാലാണ് ആയത് തെളിയിക്കാൻ ഒരു മേലധികാരികളും തയ്യാറാവാതെ പോയത്. മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങളും ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് PW 6 ബഹു: എക്സൈസ് സി.ഐ യുടെ വിചാരണ സമയം എന്റെ ചോദ്യത്തിന് പറഞ്ഞ ഉത്തരം കളവാണ് എന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. നീതി എനിക്ക് നിഷേധിക്കുകയും കുറ്റം ചെയ്ത പ്രതിയെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കുകയും ചെയ്തതായി ഇതേ വരെയുള്ള നാൾവഴികൾ പരിശോധിച്ചാൽ വ്യക്തമായി കാണാവുന്നതാണ്.Evidence Act 65 B ഇല്ലാതെ രേഖകൾ തെളിവായി സ്വീകരിക്കരുതെന്ന് ബഹു: സുപ്രീം കോടതിയുടെ Judgment CDJ 2014 SC 790 ഉം ബഹു: എക്സൈസ് കമ്മീഷണർ അവർകളുടെ EXC/212/2018-XITI dt. 31- 01-2023 (170142/2023) ഉത്തരവും നിലനിൽക്കവേ പ്രതിയുടെ വിട്ടിൽ നിന്ന് പ്രതി എടുത്ത CCTV രേഖ വക്കിലിന്റെ കൈവശം സൂക്ഷിച്ചിരുന്നതും പ്രതി വക്കീലിന്റെ കൈവശത്ത് നിന്ന് കൊണ്ടുവന്ന് ഹജരാക്കിയ MO's ലെ ടൈമർ പരിശോധിച്ചാലെ നിജസ്ഥിതി അറിയാൻ കഴിയൂ എന്നിരിക്കെ അത് പരിശോധനയ്ക്ക് വിധേയമാക്കാതിരുന്നത് എന്നെ കുറ്റക്കാരനാക്കാനും പ്രതിക്ക് രക്ഷപ്പെടാൻ പഴുത് ഉണ്ടാക്കുന്നതിനും വേണ്ടിയായിരുന്നു എന്ന് ബോധ്യപ്പെടാൻ കഴിഞ്ഞു.ആകയാൽ സമക്ഷത്തിങ്കൽ നിന്നും ദയവുണ്ടായി നീതിപൂർവ്വമല്ലാത്ത ബഹു:എക്സൈസ് കമ്മീഷണറുടെ നടപടി ക്രമം പുനഃപരിശോധിച്ച് നീതി നടപ്പിലാക്കി തരണമെന്ന് വിനീതമായി അപേക്ഷിക്കുന്നു."

2) പ്രസ്തുത അപ്പീൽ അപേക്ഷയിൻ മേൽ എക്സൈസ് കമ്മീഷണർ പരാമർശം (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

"കാർത്തികപ്പള്ളി എക്സൈസ് റേഞ്ച് ഓഫീസിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ.കെ.ബിജുവും പാർട്ടിയും 05.05.2021-ന് പട്രോളിംഗ് നടത്തി വരവെ ശ്രീ.വിനയകുമാർ മദ്യവിൽപ്പന നടത്തുന്നതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമാനുസരണം പരിശോധന മെമ്മോ തയ്യാറാക്കി അയച്ചതിനുശേഷം പാർട്ടി സഹിതം ടി വീടിനു മുൻവശമെത്തുമ്പോൾ അവിടെ വിനയകുമാർ ഉൾപ്പെടെ മൂന്ന് നാല് ആൾക്കാർ നിൽക്കുന്നതായും അതിൽ വിനയകുമാർ തന്റെ വലതു കൈയ്യിലിരുന്ന മദ്യകുപ്പി തൊട്ടടുത്ത് നിന്നിരുന്ന മറ്റൊരാളിനു നൽകുന്നതായും മദ്യകുപ്പി വാങ്ങിയ ആൾ കറൻസി നോട്ടുകൾ വിനയകുമാറിന് കൊടുക്കുന്നതായും ഉദ്യോഗസ്ഥരെക്കണ്ട് വിനയകുമാർ ഒഴികെ ബാക്കിയുള്ളവർ ഓടി രക്ഷപ്പെട്ടതായും തുടർന്ന് വിനയകുമാറിനേയും, വിനയകുമാറിന്റെ വീടും പരിശോധന നടത്തിയതായും കിടപ്പുമുറിയിൽ നിന്നും ചുവന്ന നിറത്തിലുള്ള ഒരു ബാഗിൽ സൂക്ഷിച്ചിരുന്ന മദ്യം കണ്ടെത്തിയതായും മദ്യ വിൽപ്പന നടത്തിയ വകയിൽ 800/- രൂപ വിനയകുമാറിന്റെ ഷർട്ടിന്റെ പോക്കറ്റിൽ നിന്നും കണ്ടെത്തിയതായും മദ്യ വിൽപ്പന നടത്തിയതിന് വിനയകുമാറിനെ പ്രതി ചേർത്ത് കേസ് എടുത്ത് അറസ്റ്റ് ചെയ്തതായും ടി കേസ്സിലെ മഹസ്സറിൽ രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും എന്നാൽ കൃത്യസ്ഥലത്തെ സിസിറ്റിവി ദൃശ്യങ്ങളിൽ ടി പ്രതി വിനയകുമാർ മഹസ്സറിൽ പറയും പ്രകാരം മദ്യവിൽപ്പന നടത്തുന്നതായി കാണുന്നില്ലെന്നും കൂടാതെ മഹസ്സറിൽ ടി പ്രതിയുടെ വീട് പരിശോധിക്കുന്നത് 01.45 മണി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും എന്നാൽ പ്രതിയുടെ വീട്ടിലെ സിസിറ്റിവി ക്യാമറ ദൃശ്യങ്ങൾ പ്രകാരം ആയത് 05.05.2021-ന് 11.45എ.എം. മുതൽ 12.35പി.എം വരെയാണെന്നും എക്സൈസ് വിജിലൻസ് ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. അന്വേഷണ റിപ്പോർട്ട്,

സിസിറ്റിവി ദൃശ്യങ്ങൾ എന്നിവ പരിശോധിച്ചതിൽ കേസ് എടുത്ത അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ.കെ.ബിജു, പ്രിവന്റീവ് ഓഫീസർ ശ്രീ. കെ.അംബികേശൻ എന്നിവരുടെ ഭാഗത്ത് നിന്നും അധികാര ദുർവിനിയോഗവും, വീഴ്ചയും, കൃത്യവിലോപവുമുണ്ടായിട്ടുണ്ടെന്ന് കണ്ടതിനാൽ ടിയാൻമാർക്കെതിരെയുള്ള അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാൻമാരെ സസ്പെൻഡ് ചെയ്യുകയുണ്ടായി. കാർത്തികപള്ളി റേഞ്ചിലെ സി.ആർ 60/2021 കേസിന്റെ അന്വേഷണം പൂർത്തിയാക്കി കാർത്തികപള്ളി എക്സൈസ് ഇൻസ്പെക്ടർ ബഹു. കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതിനാൽ മേൽ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ CrPc 173(8) പ്രകാരം ബഹു. കോടതിയുടെ അനുവാദത്തോടെ ടി കേസിൽ പുനരന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതിന് കാർത്തികപള്ളി റേഞ്ച് എക്സൈസ് ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് ടി കേസിൽ ഉന്നതതല അന്വേഷണം ആവശ്യമാണെന്ന് കണ്ടതിനാൽ ടി കേസിലെ തുടരന്വേഷണത്തിന് എക്സൈസ് ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന് ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്ക് കുറ്റാരോപണ മെമ്മോയും പത്രികയും നൽകുകയും, ആയതിന് ടിയാന്മാർ പ്രതിവാദപത്രിക സമർപ്പിക്കുകയുമുണ്ടായി. അസി. എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ.കെ.ബിജു സർവ്വീസിൽ പുനപ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഫോർമൽ എൻക്വയറി നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് എറണാകുളം, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറെ (നിയമം) ചുമതലപ്പെടുത്തുകയും ടിയാൻ ഫോർമൽ എൻക്വയറി റിപ്പോർട്ട് സമർപ്പിക്കുകയും സി.സി.ടി.വി ദൃശ്യങ്ങളുടെ ഫോറൻസിക് റിപ്പോർട്ട് വിശകലനം ചെയ്ത് റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി.ഫോർമൽ എൻക്വയറി റിപ്പോർട്ട്, ഫോറൻസിക് റിപ്പോർട്ട്, അന്തിമ റിപ്പോർട്ട്, മറ്റ് ബന്ധപ്പെട്ട രേഖകൾ എന്നിവ വിശദമായി പരിശോധിച്ചതിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലുകൾ ശരിയാണെന്നും, ആരോപണ വിധേയരായ ഉദ്യോഗസ്ഥർ കേസ് കണ്ടെടുക്കുന്നതുമായി ബന്ധപ്പെട്ട് ശരിയായ നടപടി ക്രമങ്ങൾ പാലിക്കേണ്ടതും ശരിയായ രേഖകൾ തയ്യാറാക്കേണ്ടതുമായിരുന്നെന്നും എന്നാൽ ഇക്കാര്യത്തിൽ ടിയാന്മാരുടെ ഭാഗത്ത് വീഴ്ച ഉണ്ടായതായും അച്ചടക്ക അധികാരിക്ക് ബോധ്യമാവുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ആരോപണ വിധേയനായ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ(ഗ്രേഡ്) ശ്രീ.കെ.ബിജു, പ്രിവന്റീവ് ഓഫീസർ ശ്രീ.കെ.അംബികേശൻ എന്നിവർക്കെതിരായ അച്ചടക്ക നടപടി 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടം 11 (1) (i) പ്രകാരം 'സെൻഷർ' (Censure) നൽകി തീർപ്പാക്കുകയുണ്ടായി. കേസ് കണ്ടെടുക്കുമ്പോഴും രജിസ്റ്റർ ചെയ്യുമ്പോഴും സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ പാലിക്കുന്നതിൽ ആരോപണ വിധേയരായ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ചയും കൃത്യവിലോപവും ഉണ്ടായതായി ബോധ്യപ്പെടുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ.കെ.ബിജു, എക്സൈസ് പ്രിവന്റീവ് ഓഫീസർ ശ്രീ. കെ.അംബികേശൻ എന്നിവർ സമർപ്പിച്ച പുനഃപരിശോധന ഹർജി നിരസിക്കാവുന്നതാണെന്ന് അറിയിക്കുന്നു."

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേസ് കണ്ടെടുക്കുമ്പോഴും രജിസ്റ്റർ ചെയ്യുമ്പോഴും സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ പാലിക്കുന്നതിൽ ആരോപണ വിധേയരായ

ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ചയും കൃത്യവിലോപവും ഉണ്ടായതായി ബോധ്യപ്പെട്ടുകയുണ്ടായിതായി എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥർ തയ്യാറാക്കിയ മഹസർ പ്രകാരം പരിശോധന നടത്തുന്നത് 05.05.2021 ഉച്ചയ്ക്ക് 1.45 -നാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പരാതിക്കാരന്റെ വീട്ടിലെ CCTV ദൃശ്യങ്ങൾ പ്രകാരം ആയത് അന്നേ ദിവസം പകൽ 11.45 മുതൽ 12.35 വരെയാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. CCTV ദൃശ്യങ്ങളുടെ ഫോറൻസിക് റിപ്പോർട്ട് വിശകലനം ചെയ്തതിലും ഇക്കാര്യം വെളിവാകുന്നുണ്ട്. ഇത്തരത്തിൽ CCTV തെളിവുകളുടെ ആധികാരികത സംബന്ധിച്ച് പ്രതി കൃത്രിമം നടത്തിയതായ കുറ്റാരോപിതരുടെ വാദത്തിന് അടിസ്ഥാനമില്ലെന്ന് കാണുന്നു. ഇത്തരത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ആരോപണ വിധേയരായ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച ഉണ്ടായതായി കാണാവുന്നതാണ്. ആകയാൽ ഈ വിഷയത്തിൽ ടിയാളുകൾക്കെതിരായ അച്ചടക്ക നടപടി 'സെൻഷർ' ചുമത്തി തീർപ്പാക്കിയ എക്സൈസ് കമ്മീഷണറുടെ നടപടി അനുപാതികമാണെന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ.കെ.ബിജു, എക്സൈസ് പ്രിവന്റീവ് ഓഫീസർ ശ്രീ. കെ.അംബികേശൻ എന്നിവർ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷകൾ നിരസിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

ജോയിന്റ് സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (എക്സൈസ് കമ്മീഷണർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം
4. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 13-12-2024 13:19:20

സെക്ഷൻ ഓഫീസർ